**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3375** **04-08-2021 - ൽ മറുപടിയ്ക്ക്**

**സമ്പൂർണ്ണ ശുചിത്വ സംസ്ഥാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര-സംസ്ഥാന പദ്ധതികളുടെയും പദ്ധതിനിർവ്വഹണ രീതികളുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തി ശുചിത്വമിഷൻ മാർഗ്ഗരേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം നേടുക എന്ന ലക്ഷ്യം നേടുന്നതിന്റെ ഭാഗമായി നഗരപ്രദേശങ്ങളിലെയും അനുബന്ധപ്രദേശങ്ങളിലെയും മാലിന്യ സംസ്കരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു ലോകബാങ്ക് സഹായത്തോടെ കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പദ്ധതി പുതുതായി വിഭാവനം ചെയ്തിട്ടുണ്ട്. ഹരിതകേരളം മിഷൻ - ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര-സംസ്ഥാന പദ്ധതികളെ ഏകോപിപ്പിച്ച് കൊണ്ട് ലോക ബാങ്ക് സഹായത്തോടുകൂടിയുള്ള മാലിന്യ സംസ്കരണ പദ്ധതിയെ സംയോജിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഖര-ദ്രവ മാലിന്യ സംസ്കരണത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇതിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി രണ്ടാം ഘട്ടം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങളെ Open Defecation Free Plus (ODF+) ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ് |
| (ബി) | മാലിന്യസംസ്കരണം ശാസ്ത്രീയവും കാര്യക്ഷമവും പരിസ്ഥിതി സൗഹൃദപരവുമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ, സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ |

| | | | |
|---|---|---|---|
| | | | വഴി നടപ്പാക്കി വരുന്നത്. അതുപോലെ നിലവിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ മെയിന്റനൻസ് ചെയ്യുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായവും ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നു. കൂടാതെ അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് എം.സി.എഫുകളിലും, ആർ.ആർ.എഫുകളിലും എത്തിക്കുന്നതിനായി ഹരിതകർമ്മസേനകൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. ഇവർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിനായി ഹരിത സഹായ സ്ഥാപനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട്. ഖരമാലിന്യ പരിപാലന പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം അമൃത് മിഷൻ, IMPACT Kerala Ltd എന്നിവ മുഖേന ദ്രവമാലിന്യ സംസ്കരണ പദ്ധതികളും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികൾക്കൊപ്പം സംസ്ഥാനത്തെ തിരെഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉത്പാദിപ്പിക്കുന്ന തരത്തിലുള്ള സംയോജിത ഖര മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നഗരപ്രദേശങ്ങളിലെയും അനുബന്ധപ്രദേശങ്ങളിലെയും മാലിന്യ സംസ്കരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു ലോകബാങ്ക് സഹായത്തോടെ കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |
| (സി) | സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളത്; വിശദമാക്കാമോ; | (സി) | തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവ മാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവ മാലിന്യം ശേഖരിച്ച്, തരംതിരിച്ച് റീസൈക്ലിംഗ് മേഖലയ്ക്കു കൈമാറ്റം ചെയ്യലും അതിനൊക്കെ സഹായകരമായ പൊതുജന സൗഹൃദ ആസ്തികളുടെ നിർമ്മാണം വഴി രാജ്യത്തിനു മാതൃകയാകത്തക്ക വിധത്തിൽ സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ചുവടെ പറയുന്ന നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br>(1) എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ആവശ്യമെങ്കിൽ കമ്മ്യൂണിറ്റി തലത്തിലും കമ്പോസ്റ്റിങ്ങ്, ബയോമെതനേഷൻ (ബയോഗ്യാസ് പ്ലാന്റ്) രീതികളിലൂടെ ജൈവമാലിന്യം സംസ്കരിക്കപ്പെടുന്നതിനും അതിനായി ശുചിത്വ |

| | | | |
|---|---|---|---|
| | | | മിഷൻ അംഗീകരിച്ചിട്ടുള്ള ഉപാധികൾ പ്രയോജനപ്പെടുത്തുകയും ചെയ്യുക. (2) സ്ഥല പരിമിതിയുള്ള വീടുകളിലെ ജൈവമാലിന്യം കമ്മ്യൂണിറ്റി തല കമ്പോസ്റ്റിംഗ് നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏറ്റെടുക്കുക. (3) സ്ഥാപനങ്ങൾ, മാർക്കറ്റ്, കമ്മ്യൂണിറ്റി എന്നീ തലങ്ങളിൽ തുമ്പൂർമൂഴി കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് എന്നീ പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കുക. (4) നിലവിലുള്ള പൊതുമാലിന്യ സംസ്കരണ പ്ലാന്റുകളുടെ അറ്റകുറ്റപണികളും നവീകരണ പ്രവർത്തനങ്ങളും ഏറ്റെടുക്കുക. (5) വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വൃത്തിയാക്കി തരം തിരിക്കപ്പെട്ട അജൈവമാലിന്യം ശേഖരിച്ച് പുന:ചംക്രമണം ചെയ്യുന്നതിനായി പൊതുവായ അജൈവ മാലിന്യ പരിപാലന സൗകര്യങ്ങളായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക, അജൈവ മാലിന്യ പുന:ചംക്രമണ പാർക്കുകൾ മുതലായവ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി വാങ്ങുക. (6) മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ അനുബന്ധ സൗകര്യങ്ങളായ ബെയ്ലിംഗ് മെഷീൻ, ഷ്രെഡിംഗ് മെഷീൻ, ഡി-ഡസ്റ്റിംഗ് മെഷീൻ, വാഷിംഗ് സൗകര്യം, മലിനജലം ട്രീറ്റ് ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ ആവശ്യാനുസരണം ഏർപ്പെടുത്തുക. (7) ഗ്യാസ് ക്രിമറ്റോറിയം, അറവുശാല, പാക്കേജ്ഡ് സീവേജ്/ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കുക. (8) ജൈവമാലിന്യ സംസ്കരണം ഊർജ്ജിതപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്ന അംഗീകൃത ഇനോകുലങ്ങൾക്ക് സബ്സിഡി ലഭ്യമാക്കുക. (9) റീജിയണൽ സാനിട്ടറി ലാൻഡ്ഫിൽ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം വാങ്ങലും അവ സ്ഥാപിക്കലും. (10) റീസൈക്ലിംഗ് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് റീസൈക്ലിംഗ് വ്യവസായപാർക്ക് സ്ഥാപിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യം വ്യവസായ എസ്റ്റേറ്റുകളിൽ ഒരുക്കുക. (11) വൃത്തിയുള്ള അജൈവമാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി/സ്ക്രാപ്പ് വ്യാപാരികൾ എന്നിവർക്ക് വിറ്റൊഴിയുന്നതിനുള്ള പിന്തുണ സംവിധാനം നൽകുക |
| (ഡി) | ഖര-ദ്രവ മാലിന്യസംസ്കരണ മേഖലയിൽ ശുചിത്വ മിഷൻ നടപ്പിലാക്കുന്ന പരിപാടികളെക്കുറിച്ച് ആവശ്യമായ ബോധവൽക്കരണം നടത്തുതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ഖര-ദ്രവമാലിന്യ സംസ്കരണ മേഖലയിൽ ശുചിത്വമിഷൻ നടപ്പിലാക്കുന്ന പരിപാടികളെ കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ലീഫ് ലെറ്റുകൾ, ബ്രോഷറുകൾ, പഠനസഹായി, കൈപ്പുസ്തകങ്ങൾ, പോസ്റ്ററുകൾ എന്നിവ അച്ചടിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നു. കൂടാതെ നവമാധ്യമങ്ങളിലൂടെയും പ്രചാരണ പരിപാടികൾ നടപ്പാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ